# കെ.സി.വൈ.എം സംസ്ഥാനസമിതി
T.A. Beerankunju Road, Kochi -18, Ph: 0484 2367133, 2383209, 4023733, Fax : 0484 2367133
Email: kcymkerala@kcym.in, kcymkerala@gmail.com, Website: www.kcym.in, Blog: www.kcym.in / blog


# ഉത്സവ് 2011

## കെ.സി.വൈ.എം സംസ്ഥാന കലോത്സവം

## 2011 ഡിസംബർ 3, 4, 5

## നെയ്യാറ്റിൻകര രൂപത

**മത്സര ഇനങ്ങൾ**

**സംഘമത്സരങ്ങൾ :** ഡിബേറ്റ്, സംഘഗാനം, ക്വിസ്, കെ.സി.വൈ.എം ആന്തം, തെരുവുനാടകം, മാർഗ്ഗംകളി, മൈം.

**വ്യക്തിഗതമത്സരങ്ങൾ :** ലളിതഗാനം (യുവാവ്), ലളിതഗാനം (യുവതി), നാടോടിനൃത്തം (യുവാവ്), നാടോടി നൃത്തം (യുവതി), പ്രച്ഛന്ന വേഷം, മോണോ ആക്ട്, മിമിക്രി, പ്രസംഗം,

**രചനാമത്സരങ്ങൾ** (വ്യക്തിഗതം) : ഉപന്യാസം, കവിതാ രചന, കഥാ രചന, പോസ്റ്റർ രചന, നോട്ടീസ് രചന, മുദ്രാ വാക്യ രചന, കൊളാഷ്, കാർട്ടൂൺ, പത്രവാർത്താ രചന.

യുവാവ്/യുവതി എന്ന് വേർതിരിച്ച് എഴുതിയിട്ടില്ലാത്ത മത്സരങ്ങൾ യുവതികൾക്കും യുവാക്കൾക്കും ഒന്നിച്ചായിരിക്കും നടത്തുക.

### മത്സരത്തെ സംബന്ധിച്ചുള്ള പൊതു നിർദ്ദേശങ്ങൾ

1. ഗ്രൂപ്പിനത്തിൽ ഒരു രൂപതയിൽ നിന്ന് ഒരിനത്തിൽ ഒരു സംഘം മാത്രമേ പങ്കെടുക്കാവൂ.
2. വ്യക്തിഗത ഇനങ്ങൾക്ക് ഒരിനത്തിൽ ഒരു രൂപതയിൽനിന്നും രണ്ടുപേർക്ക് പങ്കെടുക്കാം.
3. വ്യക്തിഗത ഇനത്തിൽ ഒരാൾക്ക് പരമാവധി 3 കലാമത്സരങ്ങൾക്കും 3 രചനാമത്സരങ്ങൾക്കും പങ്കെടുക്കാൻ അനുവാദമുണ്ട്.
4. രജിസ്ട്രേഷൻ ഫീസ് ഓരോ ഇനത്തിനും പ്രത്യേകം നൽകണം. വ്യക്തിഗത ഇനത്തിന് 15 രൂപയും സംഘ മത്സരങ്ങൾക്ക് 30 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്.
5. ഓരോ രൂപതയ്ക്കും ഒരു ടീം മാനേജർ ഉണ്ടായിരിക്കണം. ഈ ടീം മാനേജർ മാത്രമാണ് വിവിധ ആവശ്യങ്ങൾക്കുവേണ്ടി ഉത്സവ് ഓഫീസുമായി ബന്ധപ്പെടാവൂ.
6. വ്യക്തിഗത മത്സരങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നൽകുന്നതാണ്. എ ഗ്രേഡ് 5 പോയിന്റ്, ബി ഗ്രേഡ് 3 പോയിന്റ്, സി ഗ്രേഡ് 1 പോയിന്റ്.
7. സംഘമത്സരങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നൽകുന്നതാണ്. എ ഗ്രേഡ് 10 പോയിന്റ്, ബി ഗ്രേഡ് 5 പോയിന്റ്, സി ഗ്രേഡ് 3 പോയിന്റ്.
8. ഓരോ മത്സരത്തിലും ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റും സമ്മാനവും മൂന്നാം സ്ഥാനം ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റും നൽകുന്നതാണ്.
9. ഏതെങ്കിലും ഒരിനത്തിന് മൂന്ന് ടീമിൽ കുറവാണെങ്കിൽ ആ മത്സരത്തിന് അർഹതയുടെ അടിസ്ഥാനത്തിൽ ഗ്രേഡ് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.
10. മത്സരത്തെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ആ മത്സരം അവസാനിച്ച് 20 മിനിട്ടിനുള്ളിൽ ജൂറി ഓഫ് അപ്പീലിന് മുമ്പാകെ ഓരോ പരാതിക്കും 100 രൂപ വീതം കെട്ടിവച്ച് അപേക്ഷനൽകേണ്ടതാണ്. പരാതി വാസ്തവമാണെന്ന് ജൂറി വിധിച്ചാൽ പണം തിരികെ നൽകുന്നതാണ്.

11. ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന രൂപതകൾക്ക് ട്രോഫികൾ നൽകുന്നതാണ്.

12. മത്സരത്തിൽ പങ്കെടുക്കുന്നവർ കെ.സി.വൈ.എം അംഗങ്ങളായിരിക്കണം. രൂപതാ ഡയറക്ടറുടെയും പ്രസിഡന്റിന്റെയും സാക്ഷ്യപത്രത്തോടുകൂടി നിശ്ചിത ഫോമിൽ സമർപ്പിക്കുന്ന മത്സരാർത്ഥികളുടെ പേരുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

## മത്സര ഇനങ്ങൾ നിബന്ധനകൾ

### രചനാമത്സരങ്ങൾ

1. **കഥാ രചന** : ഒരു മണിക്കൂർ. വിഷയം തത്സമയം നൽകും.
2. **കവിതാ രചന** : ഒരു മണിക്കൂർ. വിഷയം തത്സമയം നൽകും.
3. **ഉപന്യാസം** : ഒരു മണിക്കൂർ. വിഷയം തത്സമയം നൽകും.
4. **കൊളാഷ്** : ഒരു മണിക്കൂർ. ആശയം വ്യക്തമാക്കുന്നതായിരിക്കണം. കൊളാഷിന് ഭംഗിക്ക് കളർ ഉപയോഗിക്കാം. കൊളാഷിന്റെ മുകളിൽ കളർ ഉപയോഗിക്കാൻ പാടില്ല.
5. **പത്രവാർത്ത രചന** : 45 മിനിറ്റ്. രണ്ടു ചോദ്യങ്ങൾ ഉണ്ടായിരിക്കും. ഒന്ന് : ഒരു പ്രോഗ്രാമിന്റെ റിപ്പോർട്ട്, രണ്ട് : ആനുകാലിക വിഷയത്തെ സംബന്ധിച്ചുള്ള പ്രതികരണം.
6. **നോട്ടീസ് രചന** : വിഷയം തത്സമയം നൽകപ്പെടും. 45 മിനിറ്റ്. ഒരു പേജ് (A4 സൈസ്) ആണ് നോട്ടീസ് രചിക്കേണ്ടത്.
7. **മുദ്രാവാക്യ രചന** : സമയം 30 മിനിറ്റ്. വിഷയം തത്സമയം നൽകും. ആവേശം ജനിപ്പിക്കത്ത രീതിയിൽ താളാത്മകമായി വേണം രചിക്കാൻ.
8. **കാർട്ടൂൺ രചന** : സമയം 2 മണിക്കൂർ. വിഷയം തത്സമയം നൽകും. വിഷയത്തിന്റെ ആശയമുൾക്കൊള്ളുന്നതായിരിക്കണം. യാതൊരു വിധത്തിലുള്ള കളറും ഉപയോഗിക്കാൻ പാടില്ല (കറുപ്പ് ഒഴികെ). ചിത്രം, ആശയം, അവതരണം എന്നിവയ്ക്കാണ് പ്രാധാന്യം നൽകേണ്ടത്.
9. **പോസ്റ്റർ രചന** : വിഷയം തത്സമയം നൽകപ്പെടും. സമയം 2 മണിക്കൂർ. പോസ്റ്റർ കളർ, ട്രാൻസ്പരന്റ് കളർ, വാട്ടർ കളർ എന്നിവ ഉപയോഗിക്കാം. ക്രയോൺസ് ഉപയോഗിക്കുവാൻ പാടില്ല. ആശയം എഴുതാൻ സ്കെച്ച് പെൻ ഉപയോഗിക്കാവുന്നതാണ്. ചിത്രം വരച്ച് ആശയം ഉൾക്കൊള്ളിക്കുന്ന രീതിയിലായിരിക്കണം പോസ്റ്റർ രചിക്കേണ്ടത്.

### കലാ മത്സരങ്ങൾ

1. **പ്രസംഗം** : 5 മിനിട്ട്. ഭാഷ മലയാളം. 5 മിനിട്ടിന് മുമ്പ് വിഷയം നൽകപ്പെടും.
2. **ലളിതഗാനം** : 5 മിനിട്ട്. സിനിമാഗാനം, ക്ലാസ്സിക്കൽ ഗാനങ്ങൾ എന്നിവ അനുവദനീയമല്ല.
3. **സംഘഗാനം** : 7 മിനിട്ട്. അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയുകയോ 7 പേരിൽ കൂടുകയോ ചെയ്യരുത്. സംഗീതോപകരണങ്ങൾ പാടില്ല. ധാർമ്മിക മൂല്യങ്ങൾ ഉദ്ഘോഷിക്കുന്ന ഗാനങ്ങൾ ആയിരിക്കണം.
4. **ഡിബേറ്റ്** : 10 മിനിട്ട്. 2 പേർ ഒരു ടീമായി പങ്കെടുക്കണം. ഒരാൾ പ്രൊപോസ്സർ മറ്റെയാൾ ഒപ്പോസ്സർ. വിഷയം അര മണിക്കൂറിന് മുമ്പ് നൽകപ്പെടും.
5. **ക്വിസ്** : ഒരു ടീമിൽ 3 അംഗങ്ങൾ വരെയാകാം. ചോദ്യങ്ങളുടെ അനുപാതം ബൈബിൾ 60% (വി. മത്തായിയുടെ സുവിശേഷം, വി. പത്രോസിന്റെ 1 ഉം 2 ഉം ലേഖനങ്ങൾ). കെ.സി.വൈ.എം ചരിത്രം, ദർശനം പ്രവർത്തനശൈലി, പ്രവർത്തനങ്ങൾ 40% (കെ.സി.വൈ.എം കർമ്മപദ്ധതി 2011, യുവജനദിന സർക്കുലർ 2011, 26–ാം ലോക യുവജനദിന സന്ദേശം, 2011 പ്രവർത്തനവർഷം പ്രസിദ്ധീകരച്ച യൗവനം, കെ.സി.വൈ.എം സംസ്ഥാന നിയമാവലി)
6. **കെ.സി.വൈ.എം ആന്തം** : അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയുകയോ 7 പേരിൽ കൂടുകയോ ചെയ്യരുത്. കെ.സി.വൈ.എം ഔദ്യോഗിക പതാക ഏന്തണം. മാച്ചിംഗ് ട്യൂണാണ് ആലപിക്കേണ്ടത്.
7. **ഫാൻസി ഡ്രസ്സ്** : 2 മിനിട്ട്. ധാർമ്മിക മൂല്യങ്ങൾ ഉതകുന്നതായിരിക്കണം. പശ്ചാത്തലസംഗീതം, സ്റ്റേജ് അലങ്കാരം, പിന്നണിയിൽ നിന്നുള്ള ശബ്ദം, മുഖം മൂടി എന്നിവ അനുവദനീയമല്ല. അഭിനയപാടവമാണ് പരിഗണിക്കുക.

8. **മിമിക്രി** : 5 മിനിട്ട്. ധാർമ്മിക മൂല്യങ്ങൾക്ക് നിരക്കുന്ന രീതിയിലുള്ള അവതരണമാകണം.

9. **മോണോ ആക്ട്** : 5 മിനിട്ട്. ഒരു സംഭവമോ കഥയോ അവതരിപ്പിച്ച് എല്ലാ കഥാ പാത്രങ്ങളെയും രൂപത്തിലും ഭാവത്തിലും ശബ്ദത്തിലും അനുകരിക്കണം. ധാർമ്മിക മൂല്യങ്ങൾ ഉതകുന്നതായിരിക്കണം.

10. **തെരുവുനാടകം** : അവതരണ സമയം 20 മിനിട്ട്. 10 മിനിട്ട് രംഗസജ്ജീകരണത്തിന് ഉപയോഗിക്കാവുന്നതാണ്. ഏത് തരത്തിലുള്ള വേഷവും ഉപയോഗിക്കാം. എന്നാൽ മുഖത്ത് യാതൊരു വിധത്തിലുള്ള ചായവും പാടില്ല. ഈ വർഷത്തെ പഠന വിഷയം അടിസ്ഥാനമാക്കിയായിരിക്കണം നാടകം അവതരിപ്പിക്കേണ്ടത്. ആളുകളുടെ എണ്ണം കഥയ്ക്കനുസരിച്ച് നിജപ്പെടുത്താവുന്നതാണ്. സൗകര്യമെങ്കിൽ തെരുവിലാണ് മത്സരം നടത്തുക. മൈക്ക് നൽകുന്നതല്ല. പശ്ചാത്തല വാദ്യമായി ചെണ്ട മാത്രമേ ഉപയോഗിക്കാവൂ.

11. **നാടോടി നൃത്തം** : 7 മിനിട്ട്. കാസറ്റ് സംഗീതം അനുവദിക്കും. പിന്നണിക്ക് പ്രത്യേകിച്ച് പ്രാധാന്യം നൽകുന്നതല്ല. നാടോടി പാട്ടാണ് ഉപയോഗിക്കേണ്ടത്. സിനിമാ ഗാനങ്ങൾ അനുവദനീയമല്ല.

12. **മാർഗ്ഗം കളി** : 10 മിനിട്ട്. പെൺകുട്ടികൾക്ക് മാത്രമായിരിക്കും.

13. **മൈം** : 10 മിനിട്ട്. 3 പേരിൽ കുറയാനോ 12 പേരിൽ കൂടാനോ പാടില്ല. രംഗസജ്ജീകരണത്തിന് 5 മിനിട്ട് അനുവദിക്കും. മത്സരത്തിന് ശേഷം അതാത് ടീമുകൾ സ്റ്റേജ് ക്ലിയർ ചെയ്യണം. ധാർമ്മിക മൂല്യങ്ങൾക്ക് നിരക്കുന്ന രീതിയിലുള്ള അവതരണമാകണം.